# ആമുഖം

തിരുവനന്തപുരം ജില്ലയിലെ കണിയാപുരം BRC യുടെ കീഴിൽ അണ്ടൂർക്കോണം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന GLPS തിരുവെള്ളൂർ. നാടിന്റെ പൊതുവിദ്യാലയങ്ങളിലൊന്നാണ് കണിയാപുരം BRC യിലെ മുൻനിര സ്കൂളുകളിലൊന്നായി GLPS തിരുവെള്ളൂർ മാറിയത് വർഷങ്ങളുടെ പ്രവർത്തന ഫലമായി മാത്രമാണ്.

പാഠ്യപാഠ്യേതര രംഗത്തും സ്കോളർഷിപ്പ് പ്രവർത്തന-ങ്ങളിലും കലാകായികരംഗത്തുമുള്ള മുന്നേറ്റങ്ങൾ സ്കൂളിന്റെ സവിശേ-ഷതകൾ ആണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശ-മാണ്. എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ടാണ് ഓരോ അക്കാദമിക പ്രവർത്തനങ്ങൾ സ്കൂളിൽ പ്രാവർത്തികമാക്കുന്നത്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം (Inclusive Education] പ്രാവർത്തികമാക്കുന്നതിനായി വിവിധ വൈവിധ്യ ബോധന തന്ത്രങ്ങൾ സ്കൂളിൽ നടപ്പിലാക്കുന്നു. അക്കാദമിക രംഗ-ത്തു മാത്രമല്ല കുട്ടിയുടെ സർഗശേഷികളെ കണ്ടെത്തിയുള്ള പരിശീലനങ്ങൾ നടപ്പിലാക്കുന്നത് കൃത്യമായ പ്ലാനിങ്ങിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ്. യഥാസമയം പ്രശ്നങ്ങളും പോരാ യ്മകളും കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. നിലവി ലുള്ള ഭൗതിക സാഹചര്യത്തിനനുസരിച്ച് കുട്ടികളുടെ ബോധനങ്ങളും

നൽകുവാൻ സ്കൂൾ എപ്പോഴും ശ്രദ്ധിക്കുന്നു. അതിനായ് പൊതു വിദ്യാലയത്തിലെ അക്കാദമിക രംഗത്തെ മുന്നേറ്റത്തിനായി കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA യുടെയും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ ഇടങ്ങിയവരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുവാൻ ശ്രമിക്കുന്നു.

# ലക്ഷ്യങ്ങൾ

→ ഓരോ ക്ലാസ്സിലെയും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടികൾ ലബ്ധമായെന്ന് ഉറപ്പാക്കുക

→ ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക

→ കുട്ടിക്ക് മികവാർന്ന പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക

→ ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക

→ ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും

→ മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക

→ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക

→ ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.

→ പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക

→ വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക

# പ്രശ്നങ്ങൾ / വെല്ലുവിളികൾ

## അക്കാദമികം

1. റിസോഴ്സ് അധ്യാപകരുടെ കുറവ്
2. ഭിന്നശേഷിക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
3. 5 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല
4. വ്യത്യസ്ത മേഖലയിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം
5. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല
6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
7. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുന്ന് പ്രവർത്തനങ്ങളും മാറുന്നില്ല
8. പഠനപ്രക്രിയ പൂർണ്ണമാക്കും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല
9. കുട്ടികൾക്കാവശ്യമായ ഗൈഡൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. ഭൂമിശാസ്ത്രപരമായ ഘടന
3. ക്ലാസ് ലൈബ്രറിയ്ക്ക് വിപുലമായ സൗകര്യമില്ല
4. പോഷകാഹാരം കഴിക്കാത്ത കുട്ടികൾ സ്കൂളിലെത്തുന്നു
5. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാകാൻ സാധിക്കുന്നില്ല.
6. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല

മേഖല :- അക്കാദമികം
ഉപമേഖല :- ഭാഷ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | [illegible] | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷാ ശേഷി വികാസം | → അക്ഷരകാർഡ്, ചി.<br>→ ചിത്രകാർഡ്<br>→ ചിത്ര വായന<br>→ അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കൽ.<br>→ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കൽ.<br>→ ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ.<br>→ ചിത്രം നോക്കി കഥ പറയൽ. | ജൂൺ മുതൽ ജൂലൈ വരെ. | ക്ലാസ് ടീച്ചർ | → ക്ലാസ്മുറി<br>→ അസംബ്ലി<br>→ ക്ലാസ് PTA |
| 2 | ഉച്ചാരണ ശുദ്ധിയോടും അക്ഷരസ്പുടതയോടുംകൂടിയ വായനാശേഷി വികാസം | → വായന കാർഡുകൾ<br>→ വായന മൂല<br>→ വായനക്കളരി<br>→ പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ പി.ടി.എ | → ക്ലാസ്മുറി<br>→ അസംബ്ലി |

| | | | | | |
|---|---|---|---|---|---|
| | | → ക്ലാസ് ലൈബ്രറി<br>→ സ്കൂൾ ലൈബ്രറി<br>→ പുസ്തക പരിചയം<br>→ വായന കുറിപ്പ്<br>→ ദിനാചരണങ്ങൾ. | | | |
| 3 | ഭാഷയുടെ ഉപയോഗവും ആസ്വാദനവും | → കഥ പറയൽ.<br>→ കഥയുടെ ഗുണപാഠം കണ്ടെത്തൽ.<br>→ കഥയ്ക്ക് ഉചിതമായ തലക്കെട്ട് നൽകൽ.<br>→ കഥ പൂർത്തിയാക്കൽ.<br>→ വായ്ത്താരികൾ കണ്ടെത്തലും അവതരണവും<br>→ വരികൾ കൂട്ടിച്ചേർക്കൽ<br>→ ആസ്വദിച്ചുകൊണ്ടുള്ള കവിതാലാപനം.<br>→ വ്യത്യസ്ത താളത്തിലുള്ള കവിത. അവതരണം. | | | |

| | | | | | |
|---|---|---|---|---|---|
| 4. | ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖന മികവ് | → ഡയറി<br>→ കത്ത്<br>→ നോട്ടീസ്<br>→ പത്രവാർത്ത<br>→ ലഘുലേഖ<br>→ വിവരണം<br>→ ജീവചരിത്രക്കുറിപ്പ്<br>→ കവി പരിചയം<br>→ ലഘുപതിപ്പുകൾ തയ്യാറാക്കൽ | | | |
| 5 | സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അനുസ്മരിക്കൽ | → ജന്മദിനങ്ങൾ ആചരിക്കൽ<br>→ ചരമദിനങ്ങൾ ആചരിക്കൽ<br>→ ഡോക്യുമെന്ററി പ്രദർശനം<br>→ പുസ്തക പരിചയം<br>→ ക്വിസ്<br>→ ലഘുപ്രഭാഷണം തയ്യാറാക്കൽ<br>→ പതിപ്പ് നിർമ്മാണം | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ ക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. | ഗണിത പഠനം രസകരമാക്കൽ | → ഡയസ് കളി<br>→ കുന്നിയും പാമ്പും കളി<br>→ സുഡോകു<br>→ കച്ചവടക്കളി<br>→ പസിൽ<br>→ സങ്കലനം, വ്യവകലനം. ഗുണനം, ഹരണം എന്നി ക്രിയകളിലൂടെ കടന്നുപോകൽ | ജൂൺ to March | ക്ലാസ് ടീച്ചർ പിടിഎ | ക്ലാസ്തലം |
| 2. | ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയൽ | → ഒറിഗാമി ശില്പശാല<br>→ ഗണിതോത്സവം<br>→ ഒറിഗാമിയിൽ രൂപങ്ങൾ നിർമ്മിക്കൽ. പ്രദർശിപ്പിക്കൽ<br>→ ഗണിത മേളകൾ സംഘടിപ്പിക്കൽ | July to September | ക്ലാസ് ടീച്ചർ പിടിഎ | ക്ലാസ്തലം |

| | | | | | |
|---|---|---|---|---|---|
| 3. | ഗണിത ചിന്താശേഷി വളർത്തൽ | → ദൃസ്യതി കണങ്ങൾ<br>→ ഗണിത പസിലുകൾ<br>→ ഗണിത ക്ലബ്.<br>→ ഗണിതോത്സവം.<br>→ ഗണിത പാട്ടുകൾ<br>→ ഒരു പ്രശ്നം പരിഹരിക്കുന്ന ഒന്നിലധികം വഴികൾ കണ്ടെത്തുന്നു<br>→ ദൈനംദിന പ്രശ്നങ്ങളിലൂടെയുള്ള ഗണിത പഠനം | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ പിടിഎ | ക്ലാസ് തലം |
| 4 | കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | → ഗണിത മാഗസിൻ<br>→ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>→ ഏകദിന ക്യാമ്പ്<br>→ ഗണിതക്യാമ്പ് - ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ മറ്റ് അധ്യാപകർ പിടിഎ. | സ്കൂൾ തല ക്ലാസ് തലം ഗണിത മേള |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിതശേഷികളുടെ പോഷണം | → പ്രശ്നോത്തരി<br>→ പസിൽ<br>→ പാട്ടുകൾ<br>→ പഠനോപകരണങ്ങളുടെ പ്രദർശനം<br>→ ഗണിത ക്വിസ് സംഘടിപ്പിക്കൽ<br>→ ഗണിത കളികൾ<br>→ കച്ചവടകളി<br>→ ഗണിതരൂപങ്ങൾ തയ്യാറാക്കൽ പ്രദർശനം | | | |
| 6 | ഗണിതപഠന പ്രവർത്തനം സുസജ്ജമാക്കൽ | → ഗണിത കളികൾ<br>→ ഗണിത ലാബ്<br>→ ഗണിത ക്ലബ്<br>→ ഗണിത ക്വിസ്<br>→ ചാർട്ടുകൾ<br>→ ICT സാധ്യത<br>→ ഗെയിമുകൾ | | | |

പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ചിന്തന സംവിധാനം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- | --- |
| 1. | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | → പുഷ്പോദ്യാനം<br>→ ഔഷധത്തോട്ടം നിർമ്മിക്കൽ<br>→ പരിസ്ഥിതി ദിനം ആചരിക്കൽ<br>→ പ്രകൃതി നടത്തം<br>→ പൂന്തോട്ട നിർമ്മാണം<br>→ കൃഷിയിടങ്ങൾ സന്ദർശിക്കൽ | ജൂൺ മുതൽ മാർച്ച് | | |
| 2. | ശുചിത്വബോധമുള്ള വ്യക്തിത്വവും സദ്ഭാവം സൃഷ്ടിക്കുന്നതിന് | → ശുചിത്വ സർവ്വേ<br>→ പോസ്റ്റർ നിർമ്മാണം<br>→ ബോധവൽക്കരണ ക്ലാസുകൾ<br>→ പോസ്റ്റർ രചനാ മത്സരം<br>→ അഭിമുഖങ്ങൾ സംഘടിപ്പിക്കൽ | ജൂലൈ ആഗസ്റ്റ് | | |
| 3 | പ്രകൃതി വിഭവ സംരക്ഷണം | → ജൈവ വൈവിധ്യ പാർക്ക്<br>→ മഴക്കുഴി നിർമ്മാണം<br>→ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | സെപ്തംബർ നവംബർ | | |

| | | | | | |
|---|---|---|---|---|---|
| 4. | ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | → ശാസ്ത്ര മാസികകൾ<br>→ ശാസ്ത്രീയ കാര്യങ്ങൾ കളികളിലൂടെ പഠിപ്പിക്കൽ<br>→ ശാസ്ത്ര പരീക്ഷണങ്ങളുടെ വീഡിയോ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ<br>→ ശാസ്ത്ര മ്യൂസിയങ്ങൾ സന്ദർശനം<br>→ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>→ ശാസ്ത്ര ക്ലബ്ബുകൾ രൂപീകരിക്കൽ | | | |
| 5. | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | → പതിപ്പുകൾ<br>→ ചാർട്ടുകൾ<br>→ ആൽബം<br>→ മണ്ണ് സംരക്ഷണം<br>→ പരിസ്ഥിതി സംരക്ഷണം | | | |

| | | | | | |
|---|---|---|---|---|---|
| 6 | നാടറിയാൻ - നാട്ടറിവുകൾ | → കർഷകരുമായി അഭിമുഖം<br>→ കൃഷിയിടങ്ങൾ സന്ദർശനം<br>→ കൃഷി പതിപ്പുകൾ<br>→ സർവ്വേ<br>→ പരിസ്ഥിതി ദിനം<br>→ ഭക്ഷ്യയോഗ്യമായ ഇലകൾ<br>→ പഴഞ്ചൊല്ലുകൾ<br>→ നാട്ടറിവുകൾ<br>→ ഔഷധസസ്യത്തോട്ട നിർമ്മാണം | | | |
| 7. | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | → വാന നിരീക്ഷണ കേന്ദ്രം<br>→ ഭൂപട വായന<br>→ ശാസ്ത്ര പരീക്ഷണങ്ങൾ<br>→ സയൻസ് പാർക്ക് സന്ദർശനം<br>→ സയൻസ് ക്ലബ് സംഘടിപ്പിക്കൽ<br>→ സയൻസ് ക്ലബ്ബുടെ രൂപീകരിക്കൽ<br>→ ആൽബം | | | |

| | | | | | |
|---|---|---|---|---|---|
| 1. | Ineffective teaching | → classes in the target language for teachers<br>→ Workshop for teachers by language experts<br>→ Workshop for teachers on teaching learning material | | | |
| 2. | Lack of communication skill | → language lab<br>→ Theatre workshop<br>→ Formation of English club<br>→ English assembly<br>→ Conducting English fest<br>→ Developing translation skills<br>→ Conducting seminar | | | |

| | | | | | |
|---|---|---|---|---|---|
| 3 | illegible handwriting | → English diary<br>→ English pen friends<br>→ peer group learning<br>→ writing with ICT facilities | | | |
| 4. | Defective pronounciation | → language lab<br>→ ICT facilities<br>→ video clipping<br>→ Readers theatre<br>→ classes on phonetics by experts<br>→ Audio video clipping on Correct pronounciation | | | |
| 5. | Insufficient vocabulary | → Word games<br>→ Word study using computer<br>→ Spelling contests<br>→ making cross word puzzles | | | |

| | | | | | |
|---|---|---|---|---|---|
| 6 | Support to gifted Children | → special coaching classes using language experts.<br>→ Introducing english library<br>→ English book exihibition<br>→ classes on creative writing<br>→ Magazines created by Children<br>→ digital library | | | |
| 7. | Deffective sentence pattern | → Making sentence Cards<br>→ Using sentence Card in Classroom<br>→ Correct sentence structure with ICT facilities<br>→ publishing magazine in English<br>→ writing blog | | | |